# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 നവംബർ 15, വെള്ളി

**നമ്പർ 196**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്ന് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ :

(1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാനദണ്ഡങ്ങളിൽ സംസ്ഥാനവികസനത്തിന് അനുയോജ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. ഡി. പ്രസേനൻ തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾക്കും കൂട്ടക്കടവ് റെഗുലേറ്ററുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾക്കും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. വി. ടി. ബൽറാം ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. പി. ടി. തോമസ് | ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ സാമ്പത്തിക വിദ്യാഭ്യാസ അവസ്ഥ | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | ശ്രീ. എം. നൗഷാദ് | മദ്രാസ് ഐ.ഐ.ടി. വിദ്യാർത്ഥിനിയുടെ മരണം | മുഖ്യമന്ത്രി |
| 3 | ശ്രീ. എ. പ്രദീപ്കുമാർ | വെസ്റ്റ് ഹിൽ ബീച്ചിൽ കെ.ടി.ഡി.സി. ഹോട്ടൽ നിർമ്മിക്കുന്നത് | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

(1) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ശ്രീ. കെ. വി. അബ്ദുൾ ഖാദർ സമിതിയുടെ ഒൻപതാമത്തെയും പത്താമത്തെയും റിപ്പോർട്ടുകൾ സമർപ്പിച്ചു.

<u>റിപ്പോർട്ട് പരിഗണന</u> :

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

<u>അനൗദ്യോഗികാംഗങ്ങളുടെ കാര്യം</u> :

(i) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(ii) <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ :</u>

(1) ശ്രീ. പി. ടി. തോമസ് 2017-ലെ കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനുള്ള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. മുഖ്യമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തു സംസാരിച്ചു. പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നല്കി. പ്രസ്താവന പൂർത്തിയായില്ല.

(2) ശ്രീ. ഐ. ബി. സതീഷ് 2019-ലെ കേരള റസിഡൻസ് അസോസിയേഷനുകൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നല്കി. സഭയുടെ അനുമതിയോടെ ബിൽ പിൻവലിച്ചു.

(3) ശ്രീ. വി. പി. സജീന്ദ്രൻ 2019-ലെ കേരള കാറ്ററിംഗ് തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നല്കി. പ്രസ്താവന പൂർത്തിയായില്ല.

(4) ശ്രീ. അനൂപ് ജേക്കബ് 2019-ലെ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി വനം വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തു സംസാരിച്ചു. പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നല്കി. പ്രസ്താവന പൂർത്തിയായില്ല.

(5) ശ്രീ. പി. ഉബൈദുള്ള 2019-ലെ കേരള വയോജന കമ്മീഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി പ്രമേയത്തെ എതിർത്തതിനാൽ അവതാരകന് ഒരു ഹ്രസ്വ പ്രസ്താവന ചെയ്യാൻ അനുമതി നല്കി. പ്രസ്താവന പൂർത്തിയായില്ല.

2019 നവംബർ 18-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.30-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Sixteenth Session**

# BULLETIN—PART I

( Brief Record of Proceedings )

*Friday, November 15, 2019*

**No. 196**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Three Questions in the list of Questions posted for the day were answered orally.

*Calling Attention* :

(1) Shri K. D. Prasenan called the attention of the Minister for Local Self Governments to the necessity to exert pressure on the Central Government to amend the norms of Mahatma Gandhi National Rural Employment Guarantee Programme taking into account of the development of the State.The Minister made a statement thereto.

(2) Shri V.T. Balram called the attention of the Minister for Water Resources to the necessity to take steps for the maintenance of Velliyankallu Regulator-cum-Bridge and for the construction activities related to Koottakkadavu Regulator. The Minister made a statement thereto.

*The Matters under Rule 304* :

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. പി. ടി. തോമസ് | ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ സാമ്പത്തിക വിദ്യാഭ്യാസ അവസ്ഥ. | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

KNPP. 1461/2019 (ii).

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | ശ്രീ. എം. നൗഷാദ് | മദ്രാസ് ഐ.ഐ.ടി. വിദ്യാർത്ഥിനിയുടെ മരണം | മുഖ്യമന്ത്രി |
| 3 | ശ്രീ. എ. പ്രദീപ്കുമാർ | വെസ്റ്റ് ഹിൽ ബീച്ചിൽ കെ.ടി.ഡി.സി. ഹോട്ടൽ നിർമ്മിക്കുന്നത്. | സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports* :

Shri K. V. Abdul Khader, Chairman, Committee on the Welfare of Non-Resident Keralites presented the Ninth and Tenth Reports of the Committee.

*Consideration of Report* :

The Fifth Report of Committee of Privileges and Ethics was adopted by the House.

*Private Members' Business* :

I. The Eighteenth Report of the Committee on Private Members' Bills and Resolutions was adopted by the House.

II. Motion for Leave to introduce the following Bills:

(1) Shri P. T. Thomas moved a motion for leave to introduce "The Kerala Prevention of Black-Magic and Superstitious Practices Bill, 2017". Since the motion was opposed by the Minister for Local Self Governments on behalf of the Chief Minister, the mover was allowed to make a brief statement. The statement was inconclusive.

(2) Shri I. B. Satheesh moved a motion for leave to introduce "The Kerala Residents Association (Registration and Regulation) Bill, 2019". Since the motion was opposed by the Minister for Public Works and Registration the mover was allowed to make a brief statement. The Bill was withdrawn by the leave of the House.

(3) Shri V. P. Sajeendran moved a motion for leave to introduce "The Kerala Catering Workers' Safety and Protection Bill 2019". Since the motion was opposed by the Minister for Co-operation and Tourism on behalf of the Minister for Labour and Excise, the mover was allowed to make a brief statement. The statement was inconclusive.

(4) Shri Anoop Jacob moved a motion for leave to introduce "The Kerala Clinical Establishments (Registration and Regulation) Amendment Bill, 2019". Since the motion was opposed by the Minister for Forests, Animal Husbandry and Zoos on behalf of the Minister for Health, Social Justice, Women and Child Development, the mover was allowed to make a brief statement. The statement was inconclusive.

(5) Shri P.Ubaidulla moved a motion for leave to introduce "The Kerala Senior Citizens Commission Constitution Bill, 2019. Since the motion was opposed by the Minister for Forests, Animal Husbandry and Zoos on behalf of the Minister for Health, Social Justice, Women and Child Development, the mover was allowed to make a brief statement. The statement was inconclusive.

The House adjourned at 12.30 p.m. to meet again at 9.00 a.m. on Monday, November 18, 2019.

S. V. UNNIKRISHNAN NAIR,
*Secretary.*